കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോതമംഗലം നഗരസഭ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് ഹഡ്കോയിൽ നിന്നും 4,00,00,000/-(നാല് കോടി രൂപ) വായ്പയെടുക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം. 2640/14/തസ്വഭവ    തിരുവനന്തപുരം, തീയതി :13.10.2014.

---

പരാമർശം - 1.സ.ഉ.(എം.എസ്)നം.147/2009/തസ്വഭവ തീയതി 29/07/2009.
2.കോതമംഗലം നഗരസഭ കൗൺസിലിന്റെ 30.06.2014 - ലെ 16 -ാം നമ്പർ കൗൺസിൽ തീരുമാനം.
3. കോതമംഗലം നഗരസഭ സെക്രട്ടറിയുടെ 15/07/14 -ലെPW1-10921/11 നമ്പർ കത്ത്.
4. നഗരകാര്യ ഡയറക്ടറുടെ 18/07/2014 - ലെ ഡിബി3-12658/14 നമ്പർ കത്ത്.
5. ഹഡ്കോയുടെ 26/08/14 - ലെ **HUDCO/ TRO/ Appln.** 25083/2014/784 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

എറണാകുളം ജില്ലയിലെ കോതമംഗലം നഗരസഭയിൽ മാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് വേണ്ടി 4,00,00,000/-(നാല് കോടി രൂപ) ഹഡ്കോയിൽ നിന്നും വായ്പയെടുക്കുന്നതിന് കോതമംഗലം നഗരസഭ സെക്രട്ടറി പരാമർശം (3) പ്രകാരം സർക്കാരിനോട് അപേക്ഷിക്കുകയുണ്ടായി. ആയത് പരാമർശം (4) പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത മാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് 4,00,00,000/-(നാല് കോടി രൂപ) ഹഡ്കോയിൽ നിന്നും വായ്പയെടുക്കുന്നതിന് കോതമംഗലം നഗരസഭയ്ക്ക് സർക്കാർ അനുമതി ലഭിക്കുന്ന മുറയ്ക്ക് ആയതിലേക്കായി മേൽ തുക വായ്പ അനുവദിക്കുന്നതാണെന്ന് ഹഡ്കോ പരാമർശം (5) പ്രകാരം അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിൽ കോതമംഗലം നഗരസഭയിൽ മാർക്കറ്റ് -കം - ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി കോതമംഗലം നഗരസഭയുടെ ഉടമസ്ഥതയിലുള്ളതും യഥാക്രമം സർവ്വേ നം.1005/4-എ 1, 959/ഐ.എം./2/2, 1487/1/2/6, 1487/1/5/9, 1483/8 -ൽ ഉൾപ്പെടുന്ന സ്ഥലവും, ആയതിൽ സ്ഥിതി ചെയ്യുന്ന സ്ഥാപനങ്ങളും ജാമ്യമായി നൽകിക്കൊണ്ട് പരാമർശം (1) - ലെ വ്യവസ്ഥകൾക്ക് വിധേയമായി ഹഡ്കോയിൽ നിന്നും 4,00,00,000/- (നാല് കോടി രൂപ) വായ്പ എടുക്കുന്നതിന് കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് സെക്ഷൻ (3) പ്രകാരം കോതമംഗലം നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

( ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

സി. വത്സല
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം
സെക്രട്ടറി,കോതമംഗലം നഗരസഭ, എറണാകുളം.
ഡെപ്യൂട്ടി ജനറൽ മാനേജർ, പ്രോജക്ട്സ്, ഹഡ്കോ (സാഫല്യം, 3-ാം നില,പാളയം, തിരുവനന്തപുരം)
അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ), തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ